സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ

15 (2289) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി.എച്ച്.സി കളിലെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സി.എച്ച്.സി -കൾക്കായി എത്ര സ്റ്റാഫിനെ ഏതെല്ലാം തസ്തികയിൽ നിയമിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

6-11-2008-ലെ സ.ഉ. (എം.എസ്.) നമ്പർ 568/2008/ആ.കു.വ. പ്രകാരമാണ് സി.എച്ച്.സി.കളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.എച്ച്.സി-കൾക്കായി അനുവദിച്ച തസ്തികകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

സിക വൈറസ്

16 (2290) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ഭീഷണിയായിക്കൊണ്ടിരിക്കുന്ന സിക വൈറസ് അതിവേഗത്തിൽ പടർന്ന് പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സിക വൈറസ് പ്രതിരോധത്തിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സിക വൈറസ് രോഗം നാളിതുവരെ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും രോഗം കേരളത്തിലെത്താൻ സാധ്യത വിമാനമാർഗ്ഗവും കപ്പൽ മാർഗ്ഗവുമായതിനാൽ മുൻകരുതലായി സംസ്ഥാനത്തെ മൂന്ന് അന്തർദേശീയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിമാനത്താവളങ്ങളിലെയും തുറമുഖ വകുപ്പ് അധികൃതരുമായി ആരോഗ്യവകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നതാണ്. ഇതുവഴി യാത്രക്കാരെയും സാങ്കേതിക ജീവനക്കാരെയും സ്ക്രീനിംഗിന് വിധേയമാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്. രോഗബാധിത രാജ്യങ്ങളിൽനിന്നും എത്തുന്ന സംശയമുള്ള വ്യക്തികളെ ആവശ്യമായ പരിശോധനകൾക്കും നിരീക്ഷണത്തിനും വിധേയമാക്കുന്നതിനുള്ള സംവിധാനങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. രക്തപരിശോധന ആവശ്യമാകുന്ന സാഹചര്യത്തിൽ രക്തസാമ്പിളുകൾ ഡൽഹിയിലെ എൻ.സി.ഡി.സി.-യിലേക്ക് അയച്ച് പരിശോധിക്കുന്നതാണ്.

(സി) സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായ തിനാൽ മറ്റ് വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനി പോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട് (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, നെടുമ്പാശ്ശേരി വിമാനത്താവളം, ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽകോളേജ്). ജനങ്ങൾക്ക് സിക രോഗത്തെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രക്കുറിപ്പുകൾ, ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ-ടി.വി.-പത്രപ്പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സിക വൈറസ് പ്രതിരോധം

17 (2291) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക വൈറസ് പടരുന്നതു തടയാൻ കേരളത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly